സംബന്ധിച്ച് അനധികൃത പണവുമായി ആരെയെങ്കിലും പോലീസ് കസ്റ്റഡിയിൽ എടുക്കുകയോ, വിവരം ലഭിക്കുകയോ ചെയ്താൽ മേൽ ഏജൻസികളെ വിവരം അറിയിക്കാറുണ്ട്. നേരിട്ടുള്ള അന്വേഷണം കേരളാ പോലീസ് നടത്തുന്നില്ല.

(ബി) ഹവാല പണം വിതരണം ചെയ്തത് സംബന്ധിച്ച് ആരേയും പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ തൃശ്ശൂർ ജില്ലയിൽ അനധികൃതമായി പണം കടത്തിയത് പിടിച്ചെടുത്ത് 4 പ്രതികളെ അറസ്റ്റ് ചെയ്ത് ഗുരുവായൂർ പോലീസ് സ്റ്റേഷൻ ക്രൈം 102/2003 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടർ കോഴിക്കോടിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ അനധികൃതമായി പണം കടത്തിയതിന് ഈസ്റ്റ് സർക്കിളിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കണ്ടെടുത്ത തുക തിരുവനന്തപരും എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കൈമാറി. മലപ്പുറം ജില്ലയിൽ വേങ്ങര പോലീസ് സ്റ്റേഷൻ അതിർത്തിയിൽ മുഹമ്മദ് എന്ന ആളിൽ നിന്നും അനധികൃത പണം കണ്ടെടുക്കുകയും ആയത് ഇൻകം ടാക്സ് വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന് കൈമാറുകയും ചെയ്തു. കൂടാതെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ ക്രൈം 432/2004 യു. എസ്. 41(1) (ഡി) 102 സി. ആർ. പി. സി. പ്രകാരം നാസർ എന്ന ആളിൽ നിന്ന് 84,000 രൂപയും താനൂർ പോലീസ് സ്റ്റേഷൻ ക്രൈം 25/2004 യു. എസ്. 41(1)(ഡി)102 സി. ആർ. പി. സി. പ്രകാരം ഇബ്രാഹിം എന്ന ആളിൽ നിന്നും 4,85,000 രൂപയും കണ്ടെടുത്ത് പ്രതികളെയും പണവും ബന്ധപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഈ തുകകൾ ഹവാല പണവുമായി ബന്ധപ്പെട്ടതായി കണ്ടെത്തിയിട്ടില്ല.

(സി) 'എ' യുടെ മറുപടി കണ്ടാലും.

(ഡി) 'എ' യുടെ മറുപടി കണ്ടാലും.

ലോകവ്യാപാര കരാറിന്റെ പ്രത്യാഘാതങ്ങൾ

*14 [497] ശ്രീ. പി. ജയരാജൻ:

,, ടി. കെ. ബാലൻ:

,, ടി. കെ. ദേവകുമാർ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകവ്യാപാര കരാറും അതുമായി ബന്ധപ്പെട്ട വ്യാപാരനിയന്ത്രണങ്ങളുടെയും പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര തലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകളിൻമേൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇതിനായി ഇപ്പോൾ കേന്ദ്ര സർക്കാരിന് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ലോകവ്യാപാര കരാറുമായി ബന്ധപ്പെട്ട്, സംസ്ഥാനത്ത് സുസ്ഥിരമായ ഒരു കാർഷിക വ്യാപാര വ്യവസ്ഥ സൃഷ്ടിച്ചെടുക്കുക എന്ന ഉദ്ദേശ്യത്തോടെ വ്യാപാരമുൾപ്പെടെ കാർഷികരംഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഡോ. എം. എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു സമിതിയെ നിയമിച്ച് പഠനം നടത്തിയിട്ടുണ്ട്.

(ബി) കോപ്പി അനുബന്ധമായി നല്കിയിരിക്കുന്നു.† റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(സി) ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷന് രണ്ടുതരത്തിലുള്ള ശുപാർശകളാണ് നല്കിയിരിക്കുന്നത്. കേന്ദ്ര സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടവയും, സംസ്ഥാന സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടവയും. കേന്ദ്ര സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, അവയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനതലത്തിൽ നടപടി സ്വീകരിക്കേണ്ട പല പ്രധാനപ്പെട്ട ശുപാർശകളിൻമേലും ഇതിനകം തന്നെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു കഴിഞ്ഞു:

1. സംസ്ഥാനതലത്തിൽ കാർഷിക വ്യാപാര കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷി വകുപ്പു മന്ത്രി ഉപാദ്ധ്യക്ഷയായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി.

2. മേൽപ്പറഞ്ഞ സമിതിയെ സഹായിക്കാനായി സാമ്പത്തിക, ലോക വ്യാപാര കാര്യങ്ങളിൽ വിദഗ്ദ്ധയായ ഒരു ഐ. ഇ. എസ്. ഉദ്യോഗസ്ഥയുടെ മേൽനോട്ടത്തിൽ ഒരു ഡ്യൂട്ടി. ടി. ഒ. സെൽ രൂപീകരിച്ചു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. കാർഷിക വ്യാപാര വിപണനരംഗം സംബന്ധിച്ചു കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ തീരുമാനിച്ചു. ഇതിനായി അഞ്ചു വർഷ കാലയളവിലേയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായി. തുടർന്ന് ഒരു എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുകയുണ്ടായി. സർവ്വകലാശാലയുടെ പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

4. ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും ഒരു ഔഷധ ജൈവ താഴ്വര (ഹെർബൽ ബയോവാലി) രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചു. ഇതിനുള്ള പദ്ധതി കയറ്റുമതി മേഖലാ പദ്ധതിയുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.

5. ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ സംരക്ഷണം സംബന്ധിച്ച് ആലപ്പി കാർഡമം, മലബാർ പെപ്പർ തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കാൻ-സ്പൈസസ് ബോർഡുമായി ചേർന്ന് നടപടി എടുത്തുവരുന്നു.

6. ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും, ജൈവകൃഷി ഉൽപ്പന്നങ്ങളുടെ വിപണനത്തിനും കർഷക പരിശീലനത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു നടപ്പിലാക്കുന്ന ജൈവ കൃഷി പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തി.

7. ഡോ. വി. എൻ. ചോപ്രാ കമ്മിറ്റി, ശ്രീ. കെ. പി. പി. നമ്പ്യാരുടെ അദ്ധ്യക്ഷതയിലുള്ള ഉപസമിതി എന്നിവയുടെ നിർദ്ദേശ പ്രകാരം ഒരു കിസാൻ പ്രോജക്ട് തയ്യാറാക്കി ടെലിവിഷനിലൂടെ കൃഷി വിജ്ഞാന വ്യാപനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. കാർഷിക കയറ്റുമതി മേഖലാ പദ്ധതി കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. ഇതു പ്രകാരം സംസ്ഥാനത്തെ 9 ജില്ലകളിൽ പച്ചക്കറി, വാഴ, പൈനാപ്പിൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വികസനത്തിനുമായി. 2744 ലക്ഷം രൂപയുടെ ബഹുവർഷ പ്രോജക്ട് 2003 മുതൽ ആരംഭിച്ചുകഴിഞ്ഞു.

9. കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു മാധ്യമ സെൽ രൂപീകരിച്ചു.

10. സംസ്ഥാന പ്ലാനിംഗ് ബോർഡ് കാർഷിക അനുബന്ധ മേഖലകളിലെ നാടൻ സാങ്കേതിക വിവരങ്ങൾ ക്രോഡീകരിച്ചു രേഖപ്പെടുത്തിവയ്ക്കാൻ ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

11. എൻ. ഡി. ഡി. ബി. യുടെ സഹായത്തോടെ സംസ്ഥാനത്തെ ഒരു ജന്തു രോഗ നിയന്ത്രണ മേഖല ആക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

12. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു.

13. മത്സ്യബന്ധനം സംബന്ധിച്ച് ശുപാർശകളും, നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഒരു കരട് നയം രൂപപ്പെടുത്തി.

14. വിനോദ സഞ്ചാര മേഖലയിൽ ഇക്കോ ടൂറിസം, ഹെൽത്ത് ടൂറിസം, സ്പിരിച്വൽ ടൂറിസം എന്നിവയുടെ വികസനത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

15. കേരളത്തിലെ കൂടുതൽ വിളകളെ കേന്ദ്ര കൃഷി ഇൻഷ്വറൻസിൽ ഉൾപ്പെടുത്താനായി കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരിക്കുകയാണ്.

16. കർഷകർക്ക് സാമ്പത്തിക സഹായങ്ങൾ യഥാസമയത്ത് ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മാതൃകയിൽ ഒരു വില സ്ഥിരതാ ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

17. നാണ്യവിളകളുടെ വികസന സംബന്ധിയായ വിഷയങ്ങൾ തീരുമാനിക്കുന്നതിനായി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായുള്ള 12 അംഗ ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്.

18. നടപ്പു സാമ്പത്തിക വർഷം അഗ്രി വിഷൻ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് അഞ്ചു ജില്ലകളിൽ ജീവാണു ലാബുകൾ, ജൈവ കീടനിയന്ത്രണ ലാബുകൾ, ടിഷ്യുകൾച്ചർ ലാബുകൾ, ഗുണനിയന്ത്രണ ലാബുകൾ എന്നിവ സ്ഥാപിക്കുന്നതിനായി ബജറ്റിൽ 400 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

19. വെളിച്ചെണ്ണ, നല്ലെണ്ണ, തേൻ, സുഗന്ധ വ്യഞ്ജനപൊടികൾ, കറിപ്പൊടികൾ, നെയ്യ് മുതലായ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും കാർഷികോല്പന്നങ്ങളുടെ ഗ്രേഡിംഗിനുമായി സ്ഥാപിച്ചിട്ടുള്ള "സ്റ്റേറ്റ് അഗ്മാർക്ക് ലബോറട്ടറി"യുടെ പ്രത്യേക പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

20. കാർഷികോല്പന്നങ്ങളുടെ ശുചിത്വനിലവാരം പരിശോധിക്കുന്നതിനും "സാനിറ്ററി ഫൈറ്റോസാനിറ്ററി" (എസ്. പി. എസ്) സംബന്ധമായ നടപടികളുടെ മാനദണ്ഡങ്ങൾക്കനുസൃതമായി കയറ്റുമതി ചെയ്യപ്പെടുന്ന കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

"സെൻട്രൽ സോയിൽ പ്ലാന്റ് ഹെൽത്ത് സെന്റർ" തിരുവനന്തപുരം പാറോട്ടുകോണത്ത് പ്രവർത്തനസജ്ജമാക്കുന്നതിന് ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

21. ദേശീയ ജൈവ കൃഷി ഇൻസ്റ്റിറ്റ്യൂട്ടോ (എൻ. ഐ. ഒ. എഫ്) അതുമല്ലെങ്കിൽ അതിന്റെ റിജീയണൽ സെന്ററോ കേരളത്തിൽ തുടങ്ങണമെന്ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരുന്നു. എന്നാൽ പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാർ നിരസിക്കുകയുണ്ടായി.

(ഡി & ഇ) കേന്ദ്ര സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകളടങ്ങിയ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് അയച്ചു കൊടുക്കുകയും അവയിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. കൂടാതെ ഇക്കാര്യങ്ങൾ പ്രത്യേകമായി ചൂണ്ടിക്കാട്ടി ഇവയിൽ തുടർ നടപടി ഉണ്ടാകണമെന്ന് പ്രത്യേക നിവേദനങ്ങളും ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ട്.

ഇൻഫർമേഷൻ കേരള മിഷൻ

*15 [498] ശ്രീ. എൻ. ശക്തൻ:
,, ജോർജ്ജ് ജെ. മാത്യു:
,, തമ്പാനൂർ രവി:
,, ടി. യു. രാധാകൃഷ്ണൻ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷൻ പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) ഇതിന്റെ ഉത്തരവാദിത്വങ്ങൾ വിശദമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർവഴി ബന്ധിപ്പിക്കുന്നത് ഐ. കെ. എം.-ന്റെ കർത്തവ്യമായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുവരെ അക്കാര്യത്തിലുണ്ടായ നേട്ടം വിശദമാക്കാമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ മുഖേന ബന്ധിപ്പിക്കുന്നതിന് ഇതുവരെയും എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) 12-8-1999-ൽ.

LIBRARY ARCHIVES Kerala Legislative Assembly